# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോ-ഓർഡിനേഷൻ സമിതി

**23.05.2012 വൈകുന്നേരം 4 മണിമുതൽ ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പുമന്ത്രി ശ്രീ.കെ.സി. ജോസഫിന്റെ ചേമ്പറിൽ കൂടിയ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നടപടിക്കുറിപ്പ്**

1. 28.03.2012-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.
2. പൊതു വിഷയങ്ങൾ സംബന്ധിച്ച പ്രത്യേക തീരുമാനങ്ങൾ ഉണ്ടായില്ല.
3. **പ്രത്യേക വിഷയങ്ങൾ**

**3.1 ചീക്കോട് ഗ്രാമപഞ്ചായത്ത് (ഫയൽ നം.18420/ഡി.എ2/12/തസ്വഭവ) തീയതി 25.05.2012**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ക്കൂൾ കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകുന്ന 2,50,000 രൂപയുടെ പദ്ധതി നടപ്പാക്കിയത് സാധൂകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കൊയിലാണ്ടി നഗരസഭ (ഫയൽ നം.17814/ഡി.സി3/12/തസ്വഭവ) തീയതി 25.05.2012**

ഇ.എം.എസ് ഭവന പദ്ധതിയിൽ വായ്പ ലഭ്യമാക്കാനുള്ള സമയപരിധി 2012 മാർച്ച് 31-ന് കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ നഗരസഭയുടെ ആവശ്യം നിരസിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ഇരിങ്ങാലക്കുട നഗരസഭ (ഫയൽ നം. 17901/എഫ്.എം.1/12തസ്വഭവ) തീയതി 25.05.2012**

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്കായി വികസനഫണ്ടിൽ നിന്നും 5 ലക്ഷം രൂപ ചെലവഴിക്കുന്നതിന് നഗരകാര്യ വകുപ്പു മന്ത്രി നൽകിയ ഉത്തരവ് ക്രമീകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പുപദ്ധതി (ഫയൽ നം. 14106/ഡി.ഡി2/12/തസ്വഭവ) തീയതി 25.05.2012**

എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 നോർത്ത് പരവൂർ നഗരസഭ (ഫയൽ നം. 19031 /ഡി.സി3/12/തസ്വഭവ) തീയതി 25.03.2012**

ഡി.പി.സി. അംഗീകരിച്ചതിൽ അധികരിച്ച നിരക്കിൽ നടപ്പാക്കിയ പ്രവൃത്തികൾക്ക് ചെലവായ തുക സംബന്ധിച്ച സാധൂകരണം ഡി.പി.സി.യിൽ നിന്നു തന്നെ ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 തിരുവനന്തപുരം കോർപ്പറേഷനിൽ (ഫയൽനം.16499/ആർ.സി1/12/തസ്വഭവ)തീയതി 25.05.2012**

പൊതു ആവശ്യങ്ങൾക്ക് ഭൂമി വാങ്ങുന്നത് സംബന്ധിച്ച് കൂടുതൽ വിശദമായ റിപ്പോർട്ട് ആവശ്യമാകയാൽ മാറ്റിവച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കോട്ടയ്ക്കൽ നഗരസഭ (ഫയൽ നം. 16045/ഡി.സി.3/12/തസ്വഭവ) തീയതി 25.03.2012**

പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം എന്ന പദ്ധതി നടപ്പാക്കി കഴിഞ്ഞതാണെങ്കിൽ ആയത് സാധൂകരിച്ച് നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 നിലമ്പൂർ നഗരസഭ (ഫയൽ നം. 20117/എഫ്.എം.1/12/തസ്വഭവ) തീയതി 25.05.2012**

വികസന ഫണ്ടിൽ ചെലവാകാതെ വരുന്നതുക ഇ.എം.എസ്. ഭവന പദ്ധതി വായ്പ തിരിച്ചടയ്ക്കാനും റോഡ് മെയിന്റനൻസ് ഗ്രാന്റിലെ മിച്ചമുള്ള തുക വകമാറ്റി ചെലവഴിക്കുന്നതിനും അനുമതി ആവശ്യപ്പെട്ടിരുന്നത്. സാമ്പത്തികവർഷം അവസാനിച്ചതിനാൽ പരിഗണിക്കാനാവാതെ നിരസിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 വടകര നഗരസഭ (ഫയൽ നം. 20255/ഡി.എ1/12/തസ്വഭവ) തീയതി 25.05.2012**

പി.ഡബ്ല്യൂ ഡി. ബിൽഡിംഗ്സ് വിഭാഗത്തിൽ ഫണ്ട് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പാലക്കാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 11733/എഫ്.എം.1/12/തസ്വഭവ) തീയതി 25.03.2012**

കുന്നംകാണ്ടു പതിയിൽ പണിതിട്ടുള്ള പാലത്തിന്റെ അപ്രോച്ച് റോഡ് 10 മീറ്റർ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പൂർത്തിയാക്കുന്നതിന് പ്രത്യേക കേസായി പരിഗണിച്ച് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 പയ്യന്നൂർ നഗരസഭ (ഫയൽ നം. 13575/ഡി.എ.3/12/തസ്വഭവ) തീയതി 25.05.2012**

ഭൂമി വാങ്ങുന്നതിന് ജില്ലാ കളക്ടറുടെ വാല്യുവേഷൻ ആവശ്യമാണെന്നും ജൈവകൃഷിയുടെ ഭാഗമായി ഭൂമി വാങ്ങുന്നത് സംബന്ധിച്ച പദ്ധതിയുടെ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ഇരിങ്ങാലക്കുട നഗരസഭ (ഫയൽ നം. 19003/എഫ്.എം.1/12/തസ്വഭവ) തീയതി 25.05.2012**

ISHUP രണ്ടാംഘട്ടം നടപ്പാക്കുന്നത് സംബന്ധിച്ച് കൂടുതൽ വ്യക്തത ഉറപ്പു വരുത്തുന്നതിന് വിശദാംശങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കുന്നംകുളം നഗരസഭ (ഫയൽ നം. 18766/എഫ്.എം.3/12/തസ്വഭവ) തീയതി 25.05.2012**

കുടിവെള്ള വിതരണ പദ്ധതികൾ ജൂൺ 30 നകം ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന നിബന്ധനയോടെ അതുവരെയുള്ള ചെലവ് നഗരസഭ വഹിക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 20236/ഡി.ഡി.2/12/തസ്വഭവ) തീയതി 25.05.2012**

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിലെ വനിതാ പരിശീലനകേന്ദ്രത്തിനായി വാങ്ങിയ ഫർണിച്ചർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വനിതാ പരിശീലന കേന്ദ്രത്തിന് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 18889/ഡി.ഡി.2/12/തസ്വഭവ) തീയതി 25.05.2012**

കുടുംബശ്രീ യൂണിറ്റുകൾക്ക് 2006–07 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റിവോൾവിംഗ് ഫണ്ട് നൽകിയ നടപടി സാധൂകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 ഏലൂർ നഗരസഭ പി.എച്ച് സെന്ഡറർ കോമ്പൗണ്ടിൽ ക്വാർട്ടേഴ്സ് , കോമ്പൗണ്ട് വാൾ, ഗേറ്റ് നിർമ്മാണം–അധികരിച്ച തുക അനുവദിക്കുന്നത് സംബന്ധിച്ച് (ഫയൽ നം. 72401/ഡി.സി.3/12/തസ്വഭവ) തീയതി 25.05.2012**

പി.എച്ച്. സെനന്റർ കോമ്പൗണ്ടിന് ഗേറ്റ്, കോമ്പൗണ്ട് വാൾ, ക്വാർട്ടേഴ്സ് എന്നിവ പണിയുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 18% അധികരിച്ച നിരക്കിൽ ഏറ്റെടുത്ത കോൺട്രാക്റ്റർ മുഖേന ചെയ്യിക്കുന്നതിന് നഗരസഭയ്ക്ക് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 പൊന്നാനി നഗരസഭ – (ഫയൽ നം. 21446/ഡി.ഡി.2/12/തസ്വഭവ) തീയതി 25.05.2012**

അഗതികളായ വൃദ്ധജനങ്ങൾക്ക് ഭക്ഷണ വിതരണം ചെയ്യുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗുണഭോക്താക്കളെ ആശ്രയ രണ്ടാം പദ്ധതി ലിസ്റ്റിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് – ബഹു. മണ്ണാർക്കാട് എം.എൽ.എ അഡ്വ. എം.ഷംസുദ്ദീൻ മുഖേന സമർപ്പിച്ച് അപേക്ഷ (ഫയൽ നം. 20410/ഡി.എ2/12/തസ്വഭവ) തീയതി 25.05.2012**

2010–11–ലെ പദ്ധതിയിൽ 2011–12–ൽ സ്പിൽഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുള്ളവയിൽ പൂർത്തീകരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുള്ള പ്രവൃത്തികൾ സ്പിൽഓവറായി 2012–13–ൽ ഉൾപ്പെടുത്താൻ അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 14707/ഡി.ബി1/12/തസ്വഭവ) തീയതി 25.05.2012**

പട്ടിക വർഗ്ഗവിഭാഗത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച് പെർഫോർമൻസ് ഓഡിറ്റ് വിഭാഗം അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് ഒരാഴ്ചയ്ക്കകം ലഭ്യമാക്കാനും അതു സഹിതം അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുന്നതിനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 മത്സ്യബന്ധന തുറമുഖ വകുപ്പ് (ഫയൽ നം. 15478/എഫ്.എം.1/12/തസ്വഭവ) തീയതി 25.05.2012**

കുണ്ടറ ഗ്രാമപഞ്ചായത്ത് കേന്ദ്രസർക്കാർ അനുവദിച്ച 196 ലക്ഷം രൂപയിൽ ചെലവഴിക്കാതെ ലാപ്സാക്കിയ 5,72,639/– രൂപ ഈ വർഷത്തെ വികസനഫണ്ടിൽ നിന്നും രണ്ടു ഗഡുക്കളായി തിരികെ ഈടാക്കി ഒടുക്കുന്നതിന് അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 അഗളി ട്രേഡിംഗ് കമ്പനിയുടെ പരാതി (ഫയൽ നം. 5575/എ.എ.3/12/തസ്വഭവ) തീയതി 25.05.2012**

എസ്.ജി.ആർ.വൈ പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്ത അഗളി ട്രേഡിംഗ് കമ്പനിയുടെ അപേക്ഷ പരിഗണിച്ച് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ടീം നൽകിയ അന്വേഷണ റിപ്പോർട്ടിലെ താഴെ വിവരിക്കുന്ന രണ്ട് ശുപാർശകളും അംഗീകരിക്കുന്നു.

1) എസ്.ജി.ആർ.വൈ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ ത്രിതല പഞ്ചായത്തുകൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്ത വകയിൽ എന്തെങ്കിലും തുക അഗളി ട്രേഡിംഗ് കമ്പനിക്ക് നൽകാനുണ്ടെങ്കിൽ അത് രേഖകൾ സഹിതം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സമർപ്പിക്കാൻ അഗളി ട്രേഡിംഗ് കമ്പനിക്ക് നിർദ്ദേശം നൽകാം

2) മേൽ ശുപാർശ പ്രകാരം ശരിയായ രേഖകൾ കമ്പനി ഹാജരാക്കി ടി കമ്പനിക്ക് ഓരോ തദ്ദേശഭരണ സ്ഥാപ നവും എത്ര രൂപ നൽകാനു ണ്ടെന്ന് കണക്കാക്കി യതിനു ശേഷം പ്രസ്തുത കമ്പനിക്ക് നൽകുന്ന വിഷയം പരിഗണിക്കാം.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 പുറത്തൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 18784/എഫ്.എം.1/12/തസ്വഭവ) തീയതി 25.05.2012**

എയിഡഡ് സ്ക്കൂളുകൾക്ക് പാചകപ്പുര നിർമ്മിച്ചു നൽകുന്നതിന് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കണമെന്ന ആവശ്യം നിരസിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 പട്ടാഴി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 20703/എഫ്.എം.2/12/തസ്വഭവ) തീയതി 25.05.2012**

ആയുർവേദ ഡിസ്പെൻസറി ആരംഭിക്കുന്നത് സംബന്ധിച്ച് ഉത്ഘാടന ചെലവുകൾ മിതപ്പെടുത്തണമെന്ന നിബന്ധനയോടെ ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും തനത്ഫണ്ട് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 ആര്യാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 20997/ഡി.ഡി.2/12/തസ്വഭവ) തീയതി 25.05.2012**

2006–07 ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച തടസ്സങ്ങൾക്ക് കാരണമായ ചെലവുകൾ അജ്ഞത കൊണ്ടാണ് സംഭവിച്ചതെന്നും ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകരുതെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് പരിഗണിച്ച് കർശനമായ താക്കീതോടെ ചെലവുകൾ സാധൂകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 കൊല്ലം കോർപ്പറേഷൻ (ഫയൽ നം. 20190/ഡി.സി.3/12/തസ്വഭവ) തീയതി 25.05.2012**

ഭേദഗതി വരുത്തിയ പദ്ധതികളിൽ മേഖലാ വ്യതിയാനം ബാധകമല്ല എന്ന നിർദ്ദേശം വ്യക്തമാക്കിയിട്ടുള്ളവയെ സംബന്ധിച്ച് വീണ്ടും അനുമതി ആവശ്യമില്ലാത്തതാണ് എന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 23049/ഡി.ഡി.2/12/തസ്വഭവ) തീയതി 25.05.2012**

സഞ്ചരിക്കുന്ന ആതുരാലയം എന്ന പദ്ധതിക്ക് അടങ്കൽ തുകയായ 8 ലക്ഷം രൂപയുടെ ബ്രേക്ക് അപ് സംബന്ധിച്ച സ്റ്റാഫ് പാറ്റേൺ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 തൃത്താല ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 22092/ഡി.ഡി.1/12/തസ്വഭവ) തീയതി 25.05.2012**

പട്ടികജാതി ഗുഭോക്താക്കൾക്ക് ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നതിനായി ഐ.എ.വൈ. അക്കൗണ്ടിൽ തുക നിക്ഷേപിച്ചത് സാധൂകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 ഇടുക്കി ജില്ലാ പഞ്ചായത്ത് (ഫയൽ നം. 59970/ഇ.പി.എ.1/11 തീയതി 25.05.2012**

റവന്യൂ വകുപ്പിലെ ഒരു യു.ഡി.ക്ലർക്കിന്റെ സേവനം നീട്ടി നൽകുന്നതിനുള്ള അപേക്ഷ നിരസിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 സി.എച്ച്. സെന്റർ ഫയൽ നം. 23353/എഫ്.എം.2/12/തസ്വഭവ തീയതി 25.05.2012**

തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയ 02.04.2012–ലെ സ.ഉ.(സാധാ)1044/2012/തസ്വഭവ ഉത്തരവ് എല്ലാ ജില്ലകൾക്കും തദ്ദേശഭരണസ്ഥാപനങ്ങൾക്കും ബാധകമായിരിക്കും എന്ന ഉത്തരവ് നൽകുന്നതിന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 വടകര ബ്ലോക്ക് പഞ്ചായത്ത് ഫയൽ നം. 21649/ഡി.ഡി.2/12/തസ്വഭവ തീയതി 25.05.2012**

അഴിയൂർ വ്യവസായ എസ്റ്റേറ്റിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള ചെലവുകൂടി കണക്കിലെടുത്ത് പ്ലോട്ടുകളുടെ വില പുനഃക്രമീകരിച്ച് ഈടാക്കേണ്ടതാണെന്ന വ്യവസ്ഥയിൽ അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് ഫയൽ നം. 20272/ഐ.എ.1/12/തസ്വഭവ/ തീയതി 25.05.2012**

പട്ടികവർഗ ആശ്രയ പദ്ധതി നടപ്പാക്കുന്നതിന് 4 ലകഷം രൂപം സി.ഡി.എസ് അക്കൗണ്ടിൽ മാറ്റുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച 30.03.2012–ലെ സ.ഉ.(സാധാ)നമ്പർ 961/12/തസ്വഭവ ഉത്തരവിന് സാധൂകരണം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ഫയൽ നം. 22678/ഡി.ഡി.2/12/തസ്വഭവ തീയതി 25.05.2012**

2005–06 വർഷം ടെണ്ടറുകളും ക്വട്ടേഷനുകളും പരസ്യം ചെയ്ത വകയിൽ പത്രങ്ങൾക്ക് നൽകിയ 10040/–രൂപയുടെ ചെലവ് അംഗീകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 പറക്കോട് ബ്ലോക്ക് പഞ്ചായത്ത് ഫയൽ നം. 20839/ഡി.ഡി.2/12/തസ്വഭവ തീയതി 25.05.2012**

ബ്ലോക്ക് പഞ്ചായത്തിന്റെ വിഷയമല്ലാത്തതിനാൽ നടപ്പാക്കാനാവില്ല എന്ന് ചൂണ്ടിക്കാണിച്ചശേഷം തീരുമാനം റദ്ദുചെയ്യുന്നതിന് ഗവൺമെന്റിന് റഫർ ചെയ്യുകയുണ്ടായെങ്കിലും നിയമാനുസൃത സമയ പരിധി കഴിഞ്ഞ് നടപ്പാക്കേണ്ട സാഹചര്യത്തിൽ നിർവഹണം നടത്തിയ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നടപടി സാധൂകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 കേരള സസ്റ്റൈനബിൾ ഡെവലപ്മെന്റ് പ്രേജക്ട് (KSUDP) ഫയൽ നം.21712/ഡി.സി.2/12/സ്വഭവ തീയതി 25.05.2012**

കെ.എസ്.യു.ഡി.പി. പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ ആവശ്യം അനുസരിച്ച് ഷോർട്ട് റീസെറ്റിൽമെന്റ് (SRP)പദ്ധതിക്ക് ചെലവഴിക്കാതെയുള്ള നഗരതല (ULB)ഫണ്ട് PMUമുഖേന SRP നിർവഹണം കോർപ്പറേഷന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടത്തുന്നതിന് നിർദ്ദേശം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 കുന്നുകര ഗ്രാമപഞ്ചായത്ത് ഫയൽ നം. 22860/ഡി.ബി.1/12/തസ്വഭവ തീയതി 25.0352012**

പൊതു ശ്മശാനത്തിനായി സ്ഥലം അക്വയർ ചെയ്യുന്ന പദ്ധതി സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ ലഭ്യമാക്കി അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. ഇ.എം.എസ് ഭവന പദ്ധതിയുടെ കാലയളവ് അവസാനിച്ചതിനാൽ മറ്റ് പുനരധിവാസ പദ്ധതിയിൽ ഉൾപ്പടുത്തി സഹായം നൽകുന്നതിന് നിർദ്ദേശിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.36 മുഖത്തല ബ്ലോക്ക് പഞ്ചായത്ത് ഫയൽ നം. 17175/ഡി.ഡി.2/12/തസ്വഭവ തീയതി 25.03.2012**

2008-09 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ നടപ്പാക്കിയ സമഗ്ര ക്ഷീര വികസന പദ്ധതി പ്രകാരമുള്ള 3,39,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുള്ളത് പരിശോധിച്ച് പൊതുവായ ഉത്തരവ് നൽകുന്നതിന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.37 മൂപ്പൈനാട് ഗ്രാമപഞ്ചായത്ത് ഫയൽ നം. 21174 /ഡി.എ2/12/തസ്വഭവ തീയതി 25.05.2012**

ബിറ്റുമിൻ ഡിപ്പാർട്ട്മെന്റൽ മെറ്റീരിയൽ ആയി എസ്റ്റിമേറ്റിൽ ഉൾപ്പടുത്തി, പ്രവൃത്തിയുടെ അടങ്കൽ തുക 15 ലക്ഷം രൂപവരെയുള്ളവക്ക് ആവശ്യമായ ബിറ്റുമിൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് വാങ്ങി നൽകാവുന്നതാണെന്ന പൊതു ഉത്തരവ് നൽകുന്നതിന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.38 അഴുത ബ്ലോക്ക് പഞ്ചായത്ത് ഫയൽ നം. 24657/ഡി.ഡി.2/12/തസ്വഭവ തീയതി 25.05.2012**

2011-12 സാമ്പത്തിക വർഷം പൂർത്തീകരിച്ചെങ്കിലും ബില്ല് മാറാൻ കഴിയാതെ വരികയും 2012-13-ൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തു പദ്ധതികളെ സബന്ധിച്ചിടത്തോളം 2012-13-ലെ വാർഷിക പദ്ധതി മാർഗനിർദ്ദേശങ്ങൾ പിന്തുടരാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.39 നഗരസഭകളിലെ യാത്രാ വഹന പരിധി ഫയൽ നം. 20952/ഡി.ബി.3/12/തസ്വഭവ, ഫയൽ നം.49712/ഡി.ബി3/12 തീയതി 25.05.2012**

കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും വാഹനങ്ങൾ വാങ്ങുന്നതിനുള്ള പൊതു മാനദണ്ഡം കൂടുതൽ ചർച്ചയ്ക്കായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.40 തിരുമാറാടി ഗ്രാമപഞ്ചായത്ത് ഫയൽ നം. 23954/ഡി.ഡി.2/12/തസ്വഭവ തീയതി 25.05.2012**

ടെണ്ടർ നടപടി കൂടാതെ പ്രവൃത്തി ചെയ്യിക്കുന്നതിന് അനുമതി നൽകേണ്ടതില്ല. എന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.41 മാള ബ്ലോക്ക് പഞ്ചായത്ത് ഫയൽ നം. 23809/ഡി.ഡി.2/12/തസ്വഭവ തീയതി 25.05.2012**

വികസനഫണ്ട് ബോധവൽക്കരണ പദ്ധതികൾക്കുപയോഗിക്കുന്നതിന് അനുമതി നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.42 ചെക്യാട് ഗ്രാമപഞ്ചായത്ത് ഫയൽ നം. 24894/എഫ്.എം.3/12/തസ്വഭവ തീയതി 25.05.2012**

ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളുടെ വാർഷിക അറ്റകുറ്റപ്പണി ചെലവുകൾ പഞ്ചായത്ത് വഹിക്കാൻ പാടില്ലാത്തതിനാൽ ആവശ്യം നിരസിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.43 പട്ടികജാതി – പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ പെൺമക്കളുടെ വിവാഹ ധനസഹായം സംബന്ധിച്ച് ഫയൽ നം. 37871/ഡി.സി.3/11 /തസ്വഭവ തീയതി 25.05.2012**

പെൺമക്കളുടെ വിവാഹാനുകൂല്യത്തിന് ശ്രീ.കണ്ണൻ സമർപ്പിച്ച അപേക്ഷ പ്രകാരം വിവാഹം 31.05.2007–ൽ ആണ് നടന്നത് എങ്കിലും ഇപ്പോൾ അനുവദിക്കുന്ന തുകയായ 5000/– രൂപ വിവാഹ ധനസഹായമായി നൽകുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.44 പട്ടികജാതി വികസനത്തിൽ 12–ാം പദ്ധതിയിൽ ഏറ്റെടുക്കാവുന്ന സ്കീമുകളുടെ ലിസ്റ്റ് തീയതി 25.0352012**

വികസനത്തിനായി 12–ാം പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പദ്ധതികളുടെ താഴെപ്പറയുന്ന ലിസ്റ്റ് അംഗീകരിച്ചു.

1) New Institutions of Engineering & Medical education
2) Community Skill Development
3) Interest free loan for Housing
4) Intial Expenses for professional students
5) Foreign studies support

6) Lease land farming support
7) Foreign employment support
8) Micro enterprises, franchise units etc
9) Vigyanvadi, a community centre for library and computer facilities
10) Self sufficient villages
11) GMP - Health care for inaccessible habitats employing dedicated Drs
12) Health insurance
13) Tool kit for cobblers who work with leather products
14) Community laundry for washer-men
15) Machanised cleaning work for safaikaramchari's
16) Assistance for trading & business
17) Employment Linked training programme
18) Participation in Tourism Development
19) Lap top to professional students
20) Community College
21) Homestead farming in all habitats
22) Technical service centre in farm sector
23) Maternal care - assistance during prenatal & postnatal period
24) woment enterprises in food industry
25) Family centric economic development towards benchmarked income.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.45 എലിമുള്ളം പ്ലാക്കേൽ ഗവ. ഹയർ സെക്കൻഡറി സ്ക്കൂളിന്റെ വസ്തുവിൽ റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച് ഫയൽ നം.26277/ഡി.എ1/12/തസ്വഭവ തീയതി 25.05.2012**

സാമ്പത്തികവർഷം കഴിഞ്ഞതിനാൽ സ്പിൽഓവർ പദ്ധതിയായി നിർദ്ദേശിച്ച് നടപ്പാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.46 അക്രഡിറ്റേഷൻ സമിതി കൺവീനറായി ചീഫ് എഞ്ചിനീയറെ നിയമിക്കുന്നത് സംബന്ധിച്ച് (ഫയൽ നം.61879/ഡി.എ1/11/തസ്വഭവ തീയതി 25.05.2012**

നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിക്കുന്നതിന് ശുപാർശ നൽകുന്ന സമിതി കൺവീനറായി എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.47 ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് കടിയങ്ങാട് – കോഴിക്കോട് ജില്ല**

ഗ്രാമപഞ്ചായത്തുകളിൽ സ്വീപ്പർ തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച് പൊതു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.48 മലപ്പുറം ജില്ല സ്പോർട്സ് കോംപ്ലക്സ് ഫയൽ നം.24870/ഏഫ്.എം2/12/തസ്വഭവ തീയതി 25.05.2012**

സ്പോർട്സ് കോംപ്ലക്സിന് ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകിയത് നടപ്പു സാമ്പത്തിക വർഷ പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.49 ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്ക് വാഹനം വാങ്ങുന്നത് സംബന്ധിച്ച് ഫയൽ നം. 17406/2012/തസ്വഭവ തീയതി 25.05.2012**

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്ക് ഒരു ഔദ്യോഗിക വാഹനം വാങ്ങുന്നതിന് 8 ലക്ഷം രൂപയിൽ അധികരിക്കാത്ത തുക മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ എന്ന നിബന്ധനയിൽ റേറ്റ് കോൺട്രാക്ട് ബാധകമാക്കാതെ ഒരു വാഹനം വാങ്ങുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.50 നടുവിൽ ഗ്രാമപഞ്ചായത്തിന്റെ Kl - 13-L -2402 എന്ന ജീപ്പ് ലേലം ചെയ്യുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് ഫയൽ നം. 28577/ഡി.ബി.3/12//തസ്വഭവ തീയതി 25.05.2012**

10 വർഷം പഴക്കമാകാത്ത ജീപ്പ് റിപ്പയറിംഗിന് വളരെയധികം തുക ചെലവാകുന്നു എന്ന കാരണത്താൽ പഞ്ചായത്തിന്റെ അപേക്ഷ പരിഗണിച്ച് ലേലം ചെയ്യുന്നതിന് പ്രത്യേക കേസായി അനുമതി നൽകുന്നു.

(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.51 ഗുണഭോക്തൃസമിതി മുഖേന ചെയ്യുന്ന പ്രവൃത്തി സംബന്ധിച്ച് ഫയൽ നം. 24750/ഡി.എ1/12/തസ്വഭവ തീയതി 25.05.2012**

ഗുണഭോക്തൃസമിതികൾ മുഖേന 15 ലക്ഷം രൂപ വരെയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണെന്ന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.52 ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റുമാർക്ക് വാഹനം വാങ്ങിയത് സംബന്ധിച്ച് ഫയൽ നം. 15850/ഡി.ബി3/12/തസ്വഭവ തീയതി 25.05.2012**

ഔദ്യോഗിക വാഹനത്തിന് ഡ്രൈവർമാരെ ദിവസ വേതന അടിസ്ഥാനത്തിൽ നിബന്ധനകൾ പാലിച്ച് നിയമിക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.53 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഫയൽ നം. 12690/എഫ്.എം.1/12/തസ്വഭവ തീയതി 25.05.2012**

റോഡുകൾ ടാറിംഗ് നടത്തുന്നതിനു പകരം കോൺക്രീറ്റിംഗ് നടത്തുന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.54 ഫറോക്ക് ഗ്രാമപഞ്ചായത്ത് ഫയൽ നം. 29256/ഡി.എ2/12/തസ്വഭവ തീയതി 25.05.2012**

പഴയ കമ്മ്യൂണിറ്റി ഹാൾ പുതുക്കുന്നതു സംബന്ധിച്ച ക്വട്ടേഷൻ നടപടിക്രങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ടു ചെയ്യുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.55 കോഴിക്കോട് ജില്ലയിലെ നിർദ്ധനരായ വൃക്കരോഗകൾക്ക് ഡയാലിസിസ് നടത്തുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായി സ്നേഹസ്പർശം എന്ന പേരിൽ കിഡ്നി പേഷ്യന്റ് വെല്ഫെയർ സൊസൈറ്റി രൂപീകരിച്ചിരിക്കുന്നു.**
**ഫയൽ നം. 24843/എഫ്.എം.2/2012/തസ്വഭവ തീയതി 25.05.2012**

കിഡ്നി പേഷ്യന്റ് വെൽഫയർ സൊസൈറ്റി ഫണ്ട് സ്വരൂപിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് – 50,000 രൂപ, ബ്ലോക്ക് പഞ്ചായത്ത് – 1 ലക്ഷം രൂപ, മുനിസിപ്പാലിറ്റി – 2 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് – 5 ലക്ഷം രൂപ, കോർപ്പറേഷൻ – 10 ലക്ഷം രൂപ നിരക്കിൽ 2012–13 വർഷത്തെ തനത് ഫണ്ടിൽ നിന്ന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകുന്നു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.56 അയിലൂർ ഗ്രാമപഞ്ചായത്ത് ഫയൽ നം. 37686/എഫ്.എം.1/12/തസ്വഭവ തീയതി 25.05.2012**

2010–11 വർഷത്തെ ഷോർട്ട്ഫാൾ പരിധിയായി നിശ്ചയിച്ച 70% ൽ താഴെയാണ് ചെലവായിട്ടുള്ളതെങ്കിൽ, ഷോർട്ട്ഫാൾ കണക്കാക്കുന്നതിൽ നിന്നും 95,21,645/– രൂപ ഒഴിവാക്കി നൽകുന്നതിന് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.57 നഗകാര്യ ഡയറക്ടർക്ക് വാഹനം വാങ്ങൽ ഫയൽ നം. 28163/ഡി.ബി./2012/തസ്വഭവ തീയതി 25.05.2012**

നഗരകാര്യ വകുപ്പ് മേധാവിക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിന് ഫണ്ടിന്റെ ലഭ്യത പരിശോധിച്ച് അനുമതി നൽകുന്നതിന് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

## അജണ്ടക്കു പുറമേ

**3.58 റാന്നി, റാന്നി–അങ്ങാടി, റാന്നി–പഴവങ്ങാടി ഗ്രാമപഞ്ചായത്തുകൾ ഫയൽനം. 19757/എ.എ1/12/തസ്വഭവ) തീയതി 25.05.2012**

പ്രസ്തുത ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കിയ നീന്തൽ പരിശീലനം കുട്ടികൾക്ക് എന്ന പദ്ധതി യഥാക്രമം 50,000/– രൂപ, 1 ലക്ഷം രൂപ, 1 ലക്ഷം രൂപ എന്നിങ്ങനെ തുക വകയിരുത്തിയെങ്കിലും, നടപ്പിലാക്കിയ നെല്ലിക്കമൺ ബി.സി. സിമ്മിംഗ് അക്കാദമി എന്ന സ്ഥാപനത്തിന് ചില സാങ്കേതിക കാരണങ്ങളാൽ തുക നൽകാൻ കഴിഞ്ഞില്ലെന്നും തുക നൽകുന്നതിന് സർക്കാർ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. തത്സംബന്ധമായി സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീം നടത്തിയ

അന്വേഷണത്തിൽ പദ്ധതി നിർവഹണത്തിൽ പല അപാകതകളുമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നത് പരിഗണിച്ച് പ്രസ്തുത പഞ്ചായത്തുകൾക്ക് കർശനമായ താക്കീത് നൽകുകയും, നിർവഹണം പൂർത്തീകരിച്ച സാഹചര്യത്തിൽ തുക ചെലവാക്കാൻ അനുമതി നൽകുകയും ചെയ്യുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതും സുതാര്യമായ പ്രക്രിയയിലൂടെ സർവീസ് പ്രൊവൈഡറെ തിരഞ്ഞെടുക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

**3.59 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പഞ്ചായത്ത്, ജില്ലാ കളക്ടറുടെ വാല്യുവേഷൻ കൂടാതെ, 6 കോടി രൂപയ്ക്ക് സ്ഥലവും കെട്ടിടവും വാങ്ങുന്നതിന് അനുമതിക്ക് അപേക്ഷിച്ചിരുന്നത് നിരസിക്കപ്പെട്ടിട്ടും അതിനു വിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു. ഇത് സംബന്ധമായ വിശദാംശങ്ങൾ ശേഖരിച്ച് അടുത്ത യോഗത്തിൽ ലഭ്യമാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം വൈകുന്നേരം 6.20–ന് അവസാനിച്ചു)